LIBRARY ARCHIVES Kerala Legislative Assembly

## ഡാറ്റാബുക്ക് പരിഷ്ക്കരിക്കാൻ നടപടി

182 (4536) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള ഡാറ്റാബുക്ക് പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പുതിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ ആധുനിക യന്ത്രങ്ങളുടെ നിർമ്മാണ രീതികൾ ഉൾപ്പെടെയുള്ളവ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള പരമ്പരാഗത നിർമ്മാണ രീതികളിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഡാറ്റാബുക്ക് പരിഷ്ക്കരണ നടപടികൾ ത്വരിതപ്പെടുത്തുമോ ?

### ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇതിനായി ഇപ്പോൾ മാർക്കറ്റിൽ നിലവിലുള്ള എല്ലാ നിർമ്മാണ സാമഗ്രികളുടേയും ആധുനിക രീതിയിലുള്ള എല്ലാ നിർമ്മാണ പ്രവൃത്തികളുടേയും സ്ഥിതി വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിന്റെ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണ രീതികൾ പ്രസ്തുത ഡാറ്റാ ബുക്കിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി) നിർമ്മാണ രീതികളിൽ കാലാനുസൃതമായ മാറ്റം വരുത്തുവാനുതകുന്ന നിർദ്ദേശങ്ങളാണ് പുതിയ ഡാറ്റാ ബുക്കിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(ഇ) കാലവിളംബം കൂടാതെ ഇത് പരിഷ്ക്കരിക്കുന്നതാണ്.

## പൊതുമരാമത്ത് നയം

183 (4537) ശ്രീ എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു പൊതുമരാമത്ത് നയം രൂപീകരിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;